"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ , ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ല ഒഴികെയുള്ള ജില്ലകളിൽ 10 % മാർജിനൽ സീറ്റ് വർദ്ധനവ് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.106/2025/GEDN തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:- 1. 5.5.2025-ലെ സ.ഉ(സാധാ) നം. 3106/2025/പൊവിവ ഉത്തരവ്

2. 4.6.2025-ലെ സ.ഉ(കൈ) നം. 102/2025/പൊവിവ ഉത്തരവ്

**ഉത്തരവ്**

2025-26 അധ്യയന വർഷത്തെ ഒന്നാം വർഷ ഹയർ സെക്കന്ററി പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത 29.04.2025 -ലെ യോഗത്തിൽ 2021, 2023, 2024 വർഷങ്ങളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകൾ തുടരുവാനും സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുവാനും തീരുമാനമെടുത്തിരുന്നു. ആയത് പ്രകാരം പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ മാർജിനൽ സീറ്റ് വർദ്ധനവ് സംബന്ധിച്ച വിഷയം ഉൾപ്പെട്ടിരുന്നില്ല. കൂടാതെ അൺ എയ്ഡഡ് സ്കൂളുകളിലും, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മുൻവർഷങ്ങളിൽ അനുവദിച്ചതു പോലെ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കണമെന്ന് ആവശ്യമുയർന്നിരുന്നു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി-സ്കൂളുകളിൽ 2025-26 അധ്യയന വർഷത്തെ പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് 2024-25 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനും അനുമതി നൽകി 4.6.2025-ലെ സ.ഉ(കൈ) നം. 102/2025/പൊവിവ പ്രകാരം ഉത്തരവായിരുന്നു. അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും ഇപ്രകാരം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് ആവശ്യമുയർന്നിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ , ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ

പരിശോധനയുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ല ഒഴികെയുള്ള ജില്ലകളിൽ, 10 % മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ് (11.6.2025 ലെ ഇനം നം. 3042)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ കേരള), തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by N K Sheena**
**Date: 13-06-2025 14:47:17**
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്